10546
14/6/19

**കേരള സർക്കാർ**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല – പുഴാതി വില്ലേജിൽ രാജേന്ദ്ര നഗർ കോളനിയിൽ 24.03.2016 ന് ഉണ്ടായ സ്ഫോടനത്തിൽ കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

**സ. ഉ. (ആർ.ടി) നം. 1498/2019/റവ.** **തിരുവനന്തപുരം, തീയതി: 14.06.2019**

---

പരാമർശം: 1. 05.11.2016 ലെ സ.ഉ (കൈ) നം. 561/2016/റവ.
2. 03.09.2018 ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/3458/2016/M2 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ താലൂക്ക്, പുഴാതി വില്ലേജ്, രാജേന്ദ്ര നഗർ കോളനിയ്ക്ക് സമീപം 24.03.2016 നുണ്ടായ സ്ഫോടനത്തിന് ഇരയായ 80 വീടുകളുടെ നാശനഷ്ട തുകയായി 1,01,97,000/- രൂപയും (ഒരു കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ മാത്രം) കാർഷിക വിളകൾക്ക് നാശനഷ്ടം സംഭവിച്ചതിന് 55,000/- രൂപയും (അൻപത്തി അയ്യായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം (1) പ്രകാരം ധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ യഥാസമയം അപേക്ഷ സമർപ്പിക്കാതിരുന്ന അഞ്ച് പേർക്ക് കൂടി നഷ്ടപരിഹാരം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ ജില്ല, പുഴാതി വില്ലേജിലുണ്ടായ സ്ഫോടനത്തിൽ കെട്ടിടങ്ങൾക്കുണ്ടായ നാശനഷ്ടത്തിന് നഷ്ടപരിഹാരമായി യഥാസമയം അപേക്ഷ സമർപ്പിക്കാതിരുന്ന താഴെ പറയുന്ന 5 പേർക്ക് കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 54,000/- രൂപ (അൻപത്തി നാലായിരം രൂപ മാത്രം) താഴെപറയും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര്, മേൽവിലാസം | ധനസഹായം അനുവദിക്കുന്നതിനുള്ള കാരണം | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീമതി. ശരാവതി.പി, അരീക്കോടൻ ഹൗസ് | പൊടിക്കുണ്ട് സ്ഫോടനം | 10000 |
| 2 | ശ്രീമതി. സജിത.സി. വാടി ഹൗസ് | പൊടിക്കുണ്ട് സ്ഫോടനം | 9000 |
| 3 | ശ്രീമതി. ശാന്ത.കെ, വാടി ഹൗസ് | പൊടിക്കുണ്ട് സ്ഫോടനം | 8000 |
| 4 | ശ്രീമതി. സുമതി, വാടി ഹൗസ് | പൊടിക്കുണ്ട് സ്ഫോടനം | 15000 |
| 5 | ശ്രീമതി. സാവിത്രി.സി.വി, പുതിയപുരയിൽ, ചാലാട് | പൊടിക്കുണ്ട് സ്ഫോടനം | 12000 |
| | ആകെ | | 54000 |

4. വിതരണത്തിനാവശ്യമായി വരുന്ന **54,000/- രൂപ (അൻപത്തി നാലായിരം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ
തഹസിൽദാർ, കണ്ണൂർ
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ